# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3900 — 24.08.2017-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിലെ വാച്ച്മാന്മാരുടെ ഡ്യൂട്ടി സമയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഐ.സി. ബാലകൃഷ്ണൻ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ എണ്ണം എത്ര; ഈ ഹോസ്റ്റലുകളിലെ ആകെ വാച്ച്മാന്മാരുടെ തസ്തിക എത്ര; വ്യക്തമാക്കാമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നിലവിൽ 109 ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. ആയതിൽ 109 വാച്ച്മാന്മാരുടെ തസ്തികയുണ്ട്. |
| ബി) | ഈ ഹോസ്റ്റലുകളിൽ പ്രവർത്തിക്കുന്ന വാച്ച്മാന്മാരുടെ ഒരു ദിവസത്തെ ഡ്യൂട്ടി സമയവും ഒരാഴ്ചത്തെ പരമാവധി ഡ്യൂട്ടി സമയവും എത്രയാണെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ; | ബി) | ഇല്ല. വാച്ച്മാന്റെ ജോലി സമയം നിശ്ചയിച്ചുകൊണ്ട് പ്രത്യേക ഉത്തരവ് നിലവിലില്ല. ടി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് വീക്കിലി ഓഫാണ് അനുവദിച്ചുവരുന്നത്. |
| സി) | ഇങ്ങനെ ഹോസ്റ്റലുകളിൽ പ്രവർത്തിക്കുന്ന വാച്ച്മാന്മാർ പ്രതിദിനം 18 മണിക്കൂർ മുതൽ 24 മണിക്കൂർ വരെ ഡ്യൂട്ടി ചെയ്യേണ്ട സാഹചര്യം നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | സി) | ഉണ്ട്. വകുപ്പിലെ വാച്ച്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഡി) | ഇത് സംബന്ധിച്ച ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 2017 മാർച്ച് 22 ന് പുറപ്പെടുവിച്ച ഉത്തരവ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സർക്കാരിന് നൽകിയ നിർദ്ദേശം എന്താണെന്നും ഈ നിർദ്ദേശം നടപ്പിലാക്കുന്നതിന് അനുവദിച്ചിരുന്ന സമയപരിധി എത്രയാണെന്നും വ്യക്തമാക്കുമോ; | ഡി) | ഉണ്ട്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 22.03.2017 ൽ പുറപ്പെടുവിച്ച വിധിന്യായ പ്രകാരം കൂടുതൽ വാച്ച്മാൻമാരെ നിയമിച്ച് ഇക്കാര്യത്തിൽ ശാശ്വത പരിഹാരം കാണാനും judgment ന്റെ വെളിച്ചത്തിൽ working hours – 8 hours a day and 48 hours a week എന്ന രീതിയിൽ ആക്കുവാനും കഴിയുന്നതാണെന്നും, ആയത് നടപ്പിലാക്കുവാനായി, ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാനും ആണ് സർക്കാരിനോട് നിർദ്ദേശിച്ചിരിക്കുന്നത്. വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കിട്ടിയതിനു ശേഷം മൂന്ന് മാസത്തിനുള്ളിൽ നിർദ്ദേശം നടപ്പിലാക്കണമെന്ന ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഇ) | ഇതിന്മേൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | ഇ) | സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| എഫ്) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അനുവദിച്ചിരുന്ന സമയപരിധി പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമയപരിധി പാലിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | എഫ്) | സമയപരിധി കഴിഞ്ഞിട്ടില്ല. |

[signature]

സെക്ഷൻ ഓഫീസർ